LIBRARY ARCHIVES Kerala Legislative Assembly

വ്യാജ ബിൽഡിംഗ് ഒഴിവുകൾ

63 [151] *പ്രൊഫ. കെ. വി. തോമസ്:*
ശ്രീ. ടി. യു. രാധാകൃഷ്ണൻ:
„ *ലൂഡി ലൂയിസ്:*
„ *എം. എ. ചന്ദ്രശേഖരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും മുനിസിപ്പൽ കോർപ്പറേഷനുകളിൽ വ്യാജ ബിൽഡിംഗ് പെർമിറ്റുകൾ കൊടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം മുനിസിപ്പൽ കോർപ്പറേഷനുകളിലെ ട്രഷറികളിൽ, ചെല്ലാനുകളിൽ തിരുത്തൽ വരുത്തി വൻ തുകകളുടെ വെട്ടിപ്പ് നടത്തുന്നതായി പരാതികൾ ഉണ്ടായിട്ടുണ്ട്;

(സി) തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ ആഫീസിൽ ഉദ്യോഗസ്ഥ മാഫിയ വ്യാജ ബിൽഡിംഗ് പെർമിറ്റുകൾ കൊടുത്തതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പേരിൽ എന്തു നടപടിയെടുത്തു;

(ഡി) വ്യാജ ബിൽഡിംഗ് പെർമിറ്റ് കൊടുക്കുന്ന സംഘത്തിലെ എല്ലാവരെയും കണ്ടെത്തിയിട്ടുണ്ടോ;

(ഇ) പ്രസ്തുത കോർപ്പറേഷനിൽ ചെല്ലാനുകളിൽ തിരുത്തൽ വരുത്തുന്ന സംഘത്തെ തിരിച്ചറിഞ്ഞിട്ടുണ്ടോ;

(എഫ്) തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ ആഫീസിലെ ഇത്തരം ക്രമക്കേടുകളെപ്പറ്റി വിജിലൻസ് അന്വേഷണം നടത്തുമോ?

ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിൽ വ്യാജ ബിൽഡിംഗ് പെർമിറ്റ് കൊടുത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്, ഇതുമായി ബന്ധപ്പെട്ട് ഡഫേദാർ ശ്രീ. ജി. വേണുവിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും, കേസ് രജിസ്റ്റർ ചെയ്ത് അനന്തര നടപടികൾ സ്വീകരിക്കുന്നതിന് പോലീസിൽ പരാതി നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ചോദ്യം (ബി)-യ്ക്കുള്ള ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(എഫ്) സർക്കാർ പരിശോധിച്ചുവരുന്നു.

കോർപ്പറേഷനുകളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് കൂട്ടിച്ചേർത്ത പ്രദേശങ്ങൾ

64 [152] *ശ്രീ. എ. കെ. മണി:*
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. ടി. എൻ. പ്രതാപൻ:
,, *എം. എം. ഹസ്സൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മുനിസിപ്പൽ തെരഞ്ഞെടുപ്പിനുമുമ്പായി തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ എന്നീ മുനിസിപ്പൽ കോർപ്പറേഷനുകളുടെ ഭൂമിശാസ്ത്രപരമായ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് ഇവയോട് യഥാക്രമം എത്ര ഗ്രാമപഞ്ചായത്തുകളുടെ നിയോജക മണ്ഡലങ്ങളാണ് കൂട്ടിച്ചേർത്തതെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ നടപടി നിയമാനുസൃതമായിരുന്നോ;

(സി) ഇപ്രകാരം കൂട്ടിച്ചേർക്കപ്പെട്ട പഞ്ചായത്തുകളിലോ വാർഡുകളിലോ അഭിലഷണീയമായ രീതിയിൽ വികസന പ്രവർത്തനം നടത്താൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) ഇപ്രകാരം കൂട്ടിച്ചേർക്കപ്പെട്ട പ്രദേശങ്ങളെ പൂർവ്വസ്ഥിതിയിലാക്കണമെന്ന ആവശ്യമുയർന്നിട്ടുണ്ടോ?

ഉത്തരം

(എ) തിരുവനന്തപുരം കോർപ്പറേഷനോട് 5 ഗ്രാമ പഞ്ചായത്തുകളും, കൊല്ലം കോർപ്പറേഷനോട് 4 ഗ്രാമ പഞ്ചായത്തുകളും, തൃശ്ശൂർ കോർപ്പറേഷനോട് 5 ഗ്രാമ പഞ്ചായത്തുകളും, നടത്തറ ഗ്രാമപഞ്ചായത്തിന്റെ ചിലഭാഗങ്ങളും കൂട്ടിച്ചേർത്തിട്ടുണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

(സി) ഉണ്ട്; എന്നിരുന്നാലും വികസന പ്രവർത്തനങ്ങൾ വേണ്ടത്ര നടത്തുവാൻ കഴിഞ്ഞിട്ടില്ലെന്ന് പല പരാതികളും ലഭിച്ചിട്ടുമുണ്ട്.

(ഡി) ഉണ്ട്.

GPM. 2/543/2012.—16

LIBRARY ARCHIVES Kerala Legislative Assembly